# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4385

**2016 ഒക്ടോബർ 25-ാം തീയതി മറുപടി നൽകേണ്ടത്**

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. എൻ .എ. നെല്ലിക്കുന്ന് | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) കേരള നിയമസഭയിൽ 2016 ഫെബ്രുവരി 12-ന് അവതരിപ്പിച്ച 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും 2016 ജൂലൈ 8-ന് അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br>(ബി) ഈ പ്രവൃത്തികൾക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ; | കാസർഗോഡ് പാക്കേജിനായി 87.98 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കേരള നിയമസഭയിൽ 2016 ഫെബ്രുവരി 12ന് അവതരിപ്പിച്ച 2016-17 ബജറ്റ് പ്രസംഗത്തിലും 2016 ജൂലൈ 8-ന് അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളെയും ടി പ്രവൃത്തികൾക്ക് വകയിരുത്തിയിട്ടുള്ള തുകയെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. എല്ലാ വർഷവും ബജറ്റ് സർക്കുലറായും സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് ആപ്ലിക്കേഷനായ പ്ലാൻ സ്പേസിലൂടെയും പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് നൽകാൻ ആവശ്യപ്പെടുന്നുണ്ട്. |
| (സി) ബഡ്ജറ്റ് പ്രസംഗങ്ങളിൽ അല്ലാതെ 2016-17 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ അനുവദിച്ച മറ്റ് പദ്ധതികളും ഫണ്ടുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ബജറ്റ് പ്രസംഗങ്ങളിൽ അല്ലാതെ 2016- 17 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ അനുവദിച്ച മറ്റ് പദ്ധതികളും ഫണ്ടുകളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. |
| (ഡി) ഈ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാകും എന്ന് വ്യക്തമാക്കാമോ? | 09.12.2015ലെ സ.ഉ(പി) നം.561/2015/ധന പ്രകാരം പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായുള്ള വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ്ഗനിർദ്ദേശപ്രകാരം 2016-17 മുതൽ മുന്തിയ പരിഗണന ആവശ്യമായതും വേഗത്തിൽ നടപ്പിലാക്കുന്നതിന് യോഗ്യമായതുമായ പദ്ധതികൾ |

| | |
|---|---|
| | ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്നതാണ്. ബജറ്റ് നിയമസഭ അംഗീകരിച്ചാലുടൻ തന്നെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട സ്കീമുകൾക്കും പ്രോജക്ടുകൾക്കും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കും. ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും തേടാതെ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തിയതി മുതൽ നിർവ്വഹണ വകുപ്പുകൾക്കും ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. മറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റേയും ഡി.പി.ആറിന്റേയും അടിസ്ഥാനത്തിൽ പദ്ധതി ചെലവ് 5 കോടി വരെയുള്ളവയ്ക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിലും 5 കോടിയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികൾക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിലും ഭരണാനുമതി നൽകുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**

# അനുബന്ധം- I

2016- 17-ലെ ഒറിജിനൽ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

1. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യയും കെ.എസ്.ഇ.ബി.എൽ -ഉം സംയുക്തമായി രൂപീകരിച്ച റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള എന്ന കമ്പനി നടപ്പിലാക്കുന്ന 200 മെഗാവാട്ട് സൌരോർജ്ജ പാർക്ക് പദ്ധതിക്ക് വേണ്ടി 1,000 ഏക്കർ ഭൂമി കെ.എസ്.ഇ.ബി.എൽ-ന് സർക്കാർ കൈമാറിക്കഴിഞ്ഞുവെന്ന് ബജറ്റ് പ്രസംഗത്തിൽ 79-ാം ഖണ്ഡികയിൽ പ്രഖ്യാപിച്ചിട്ടുണ്ട്.
2. ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 307 -ൽ വയനാട്, കാസർഗോഡ് ജില്ലകളിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി 50 കോടി രൂപ പ്രത്യേകം വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ നബാർഡിൽ നിന്നുള്ള കൂടുതൽ സാമ്പത്തിക സഹായം കെട്ടിട നിർമ്മാണത്തിന് ലഭ്യമാക്കുന്നതായും പറയുന്നു.
3. കാസർഗോഡ് എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ടെക്നോളജി ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും തിരുവനന്തപുരം എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുമായി 5.5 കോടി രൂപ പ്രഖ്യാപിച്ചിരുന്നു.
4. കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 1 കോടി രൂപ പ്രഖ്യാപിച്ചിരുന്നു.
5. 'സ്പെഷ്യൽ പ്രോഗ്രാംസ് ഫോർ ഏരിയാ ഡവലപ്പ്മെന്റ്' —ൽ ഉൾപ്പെടുത്തി കാസർഗോഡ് നഗര വികസന പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിരിക്കുന്നു.
6. എൽ.എ.സി- എ.ഡി.എസ്- നായി 5 കോടി രൂപയും എം.എൽ.എ- എസ്.ഡി.എഫ്- നായി 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട എം.എൽ.എ- യുടെ ശുപാർശ പ്രകാരം പ്രസ്തുത തുക പദ്ധതികളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രോജക്ടുകൾക്കായി അനുവദിക്കുന്നതാണ്.

2016- 17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

1. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രമുഖ സാംസ്കാരിക നായകന്മാരുടെ പേരിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് ശ്രീ. സുബ്രഹ്മണ്യന് തിരുമുൻപിന്റെ പേരിൽ സാംസ്കാരിക കേന്ദ്രം പ്രഖ്യാപിച്ചിട്ടുണ്ട്. ശരാശരി 40 കോടി രൂപയാണ് ഈ പദ്ധതിക്ക് മൊത്തം ചെലവായി പ്രതീക്ഷിക്കുന്നത്. ഈ തുക പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് കണ്ടെത്തും.
2. കാസർഗോഡ് ജില്ലയ്ക്ക് 200 മെഗാവാട്ട് സൌരോർജ്ജ പാർക്ക് ഉൾപ്പെടെയുള്ള പദ്ധതികൾക്കായി നബാർഡ് ഗ്രീൻ-ഫണ്ടിൽ നിന്നും 200 കോടി രൂപ ധനസഹായം പ്രതീക്ഷിക്കുന്നതായി ഖണ്ഡിക 143-ൽ സൂചിപ്പിച്ചിട്ടുണ്ട്.

2016- 17 ആദ്യ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 386 പ്രകാരവും പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 31 പ്രകാരവും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാന് ഇരകൾക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ചു കൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. നടപ്പ് വർഷം 10 കോടി രൂപ 2235-60-200-72-(04)-പ്ലാൻ എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

എല്ലാ വർഷവും ബജറ്റ് സർക്കുലറായും സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് ആപ്ലിക്കേഷനായ പ്ലാൻ സ്പേസിലൂടെയും പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് നൽകാൻ ആവശ്യപ്പെടുന്നുണ്ട്.

Mayeshe
അണ്ടർ സെക്രട്ടറി

# അനുബന്ധം- II

1 ബദിയടുക്ക എക്സൈസ് ഓഫീസ് നിർമ്മാണം
2 കാസർഗോഡ് റെയ്ഞ്ച് ഓഫീസ് കെട്ടിടവും, ക്വാർട്ടേഴ്സുകളും
3 മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം കാസർഗോഡ്
4 കാസർഗോഡ് ഗവ.കോളേജിൽ ആൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മാണം
5 കോസർഗോഡ് കോടതി സമുച്ഛയത്തിനു സമീപത്തു കൂടി കടന്നു പോകുന്ന 110 കെ.വി ലൈൻ മാറ്റൽ
6 കാസർഗോഡ് ഗവ.വി.എച്ച്.എസ് (ഗേൾസ്) മൂന്ന് ക്ലാസ് റൂം, രണ്ട് ലാബ് റൂം നിർമ്മാണം
7 പടള എച്ച്.എസ്.എസ്-നു വേണ്ടി അഡീഷണൽ കെട്ടിട നിർമ്മാണം
8 ഗവ.കോളേജ് കാസർഗോഡ് ലൈബ്രറി കെട്ടിട നിർമ്മാണം
9 ഗവ.കോളേജ് കാസർഗോഡ് മന്ദിര നിർമ്മാണം
10 ഗവ.കോളേജ് കാസർഗോഡ് എ.സി ഷീറ്റ് റൂഫിങ്
11 കാസർഗോഡ് ഗവ.കോളേജിന് ചുറ്റുമതിൽ നിർമ്മാണം
12 കാസർഗോഡ് ഗവ.കോളേജിൽ ആൺ കുട്ടികളുടെ ഹോസ്റ്റൽ
13 കാസർഗോഡ് ഗവ.കോളേജിൽ പി.ജി. സയൻസ് ബ്ലോക്ക്
14 കാസർഗോഡ് ഗവ.കോളേജിൽ പ്രൻസിപ്പലിന് ക്വാർട്ടേഴ്സ്
15 ഗവ.കോളേജ് കാസർഗോഡ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം
16 ഗവ.കോളേജ് കാസർഗോഡ് കളിസ്ഥലത്തിന്റെയും പവലിയന്റെയും നിർമ്മാണം
17 കാസർഗോഡ് ജനറൽ ആശുപത്രി
18 കാസർഗോഡ് ഗവ. നേഴ്സിംഗ് കോളേജ് കെട്ടിടം
19 കാസർഗോഡ് ഐ.ടി.സി
20 പട്ടികജാതി വികസന ഡയറക്ടറേറ്റിന് വേണ്ടിയുള്ള പുതിയ കെട്ടിടം
21 കാസർഗോഡ് ജില്ല പട്ടികജാതി വികസന ഓഫീസിന്റെ ഇലക്ട്രിക്കൽ വർക്കുകളുടെ നവീകരണം
22 എം.ആർ. സ്ക്കൂൾ കൊറാഗ കാസർഗോഡ്
23 കാസർഗോഡ് റെയ്ഞ്ചിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ടൈപ്പ് 4 ക്വാർട്ടേഴ്സ് നിർമ്മാണം
24 ബദിയടുക്ക മൃഗാശുപത്രിക്ക് കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കൽ
25 വെറ്റിനറി ട്രെയിനിംഗ് സെന്റർ
26 കാസർഗോഡ് ജില്ല വെറ്റിനറി ആശുപത്രി
27 കാസർഗോഡ് മുൻസിപ്പാലിറ്റി അംഗൻവാഡി നം.131
28 കാസർഗോഡ് ജില്ല ഫോം സ്റ്റോർ കെട്ടിട നിർമ്മാണം
29 കാർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന് ബിച്ച് റോഡിൽ നെല്ലിക്കന്ന് കടപ്പുറം പാലം നിർമ്മാണം
30 നെല്ലിക്കുന്ന് ബീച്ച് റെഡ് കി.മീ 0/000 മുതൽ 0/650 വരെ മെച്ചപ്പെടുത്തൽ
31 ബീജാന്തടുക്ക-അടിമ്പായി-ചോടക്കൽ-മാന്യ ലിങ്ക് റോഡ് കി.മീ. 0/000 മുതൽ 3/900 വരെ മെച്ചപ്പെടുത്തൽ
32 ചേർക്കള-പാടി-എതിർത്തോട് റോഡ് കി.മീ. 0/000 മുതൽ 5/200 വരെ അഭിവൃദ്ധിപ്പെടുത്തൽ
33 സിറ്റിസൺ നഗർ-അല്ലാമാ നഗർ-മസ്തിക്കുണ്ട് റോഡ് കി.മീ 0/000 മുതൽ 4/000 വരെ അഭിവൃദ്ധിപ്പെടുത്തൽ
34 മിപ്പുഗിരി പാറക്കട്ട-രാംദാസ് നഗർ-എസ്.പി ഓഫീസ് റോഡ് കി.മീ 0/000 മുതൽ 1/150 വരെ അഭിവൃദ്ധിപ്പെടുത്തൽ
35 നെല്ലിക്കട്ട-കർമ്മംപൊടി റോഡ് കി.മീ. 0/000 മുതൽ 11/000 വരെ നിലവാരമുയർത്തൽ
36 കാസർഗോഡ് ജില്ലയിൽ ചെർക്കള-ബേർക്ക് സ്റ്റാർ നഗർ - ബേവിഞ്ച റോഡ് കി.മീ. 0/000 മുതൽ 2/200 വരെ അഭിവൃദ്ധിപ്പെടുത്തൽ
37 വിദ്യാ നഗർ-പന്നിപ്പാറ-കല്ലക്കട്ട-പാടി റോഡ് (6.20 കി.മീ) ബി.എം. ആന്റ് ബി.സി ചെയ്യൽ

38. **മൃഗസംരക്ഷണ വകുപ്പിൽ 'കാസറഗോഡ് കന്നുകാലി ഫാം ശക്തിപ്പെടുത്തൽ'** എന്ന പദ്ധതിക്കായി 50 ലക്ഷം രൂപ.

39. വ്യവസായ വകുപ്പിൽ 'കിൻഫ്ര'യ്ക്കു കീഴിൽ വ്യാവസായിക ജല വിതരണ **പദ്ധതി പാലക്കാടും കാസർഗോഡും പദ്ധതിക്കായി 1000 ലക്ഷം രൂപ.**

40. വ്യവസായ വകുപ്പിൽ **കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ബോക്സൈറ്റ്/** അലൂമിനിയം, ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവ കണ്ടെത്തുന്നതിന് വിശദമായ പര്യവേഷണം എന്ന പദ്ധതിക്കായി 56 ലക്ഷം രൂപ.

41. **എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകൾക്കുള്ള സമഗ്ര പാക്കേജിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം 15.20 കോടി രൂപ 2053-094-49-പ്ലാൻ എന്ന** ശീർഷകത്തിൽ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്

42. 2016-17 -ലെ ബജറ്റിൽ വിവിധ ജില്ലകളിലായി രൂപീകരിക്കപ്പെട്ട 6 പുതിയ ബ്ലോക്ക് **പഞ്ചായത്തകൾക്ക് കെട്ടിട നിർമ്മാണത്തിനായി 3 കോടി രൂപ** 2515-00-197-36-01 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ഇതിൽ കാസർഗോഡ് അസംബ്ലി **മണ്ഡലത്തിലുൾപ്പെടുന്ന കാറടക്ക ബ്ലോക്ക് പഞ്ചായത്തും ഉണ്ട്. മാത്രമല്ല പ്രധാൻ** മന്ത്രി ആവാസ് **യോജന** എന്ന (60 % **കേന്ദ്ര** സഹായം) **പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട** 14 നഗരങ്ങളില് **കാസർഗോഡ്** നഗരവും **ഉൾപ്പെട്ടിട്ടുണ്ട്.** ഇതിനായി 250 **കോടി** രൂപ 2217-05-191-74 (പ്ലാൻ) / 2217-05-192-72 (പ്ലാൻ) **എന്നീ ശീർഷകങ്ങളിലായി വകയിരുത്തിയിട്ടുണ്ട്.**

Manjusha

സെക്ഷൻ ഓഫീസർ